**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4183** **18-03-2025 - ൽ മറുപടിയ്ക്ക്**

**കിഫ്ബി പദ്ധതികളിൽ പ്രീ എഞ്ചിനീയറിംഗ് സാങ്കേതിക വിദ്യ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതികളുടെ ഭാഗമായി കെട്ടിട നിർമ്മാണങ്ങളിൽ പ്രീ എഞ്ചിനീയറിംഗ് സാങ്കേതിക വിദ്യ ഉപയോഗിക്കുന്നുണ്ടോയെന്നും ഈ നിർമ്മാണ രീതി ഉപയോഗിച്ച് പൂർത്തീകരിച്ച കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ; | (എ) | 26-07-2021-ലെ G.O (Rt) No.1555/2021/H&FWD നമ്പർ ഉത്തരവു പ്രകാരം കിഫ്ബി ഫണ്ടുപയോഗിച്ച് സംസ്ഥാനത്തെ 140 മണ്ഡലങ്ങളിലും കെ.എം.എസ്.സി.എൽ മുഖേന ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്ന പദ്ധതിക്ക് കിഫ്ബി അംഗീകാരം നൽകിയതിനെത്തുടർന്ന് പ്രീ എഞ്ചിനീയറിംഗ് സാങ്കേതിക വിദ്യ ഉപയോഗിച്ച് 51 ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം കെ.എം.എസ്.സി.എൽ പൂർത്തീകരിച്ചിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മേല്പറഞ്ഞ നിർമ്മാണ രീതി ഉപയോഗിക്കുന്നത് കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെന്നും, ഇത്തരം നിർമ്മാണ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ എന്നും വിശദമാക്കാമോ? | (ബി) | പ്രീ എഞ്ചിനീയറിംഗ് സാങ്കേതിക വിദ്യ ഉപയോഗിച്ച് 2400 ചതുരശ്ര അടി വിസ്തീർണ്ണത്തിലാണ് നിലവിൽ കിഫ്ബി മുഖേനയുള്ള ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം നടക്കുന്നത്. ഈ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ രീതി സമയബന്ധിതവും വേഗതയേറിയതുമായ ഒന്നാണ്. പ്രസ്തുത നിർമ്മാണം പരമ്പരാഗത രീതികളേക്കാൾ 30 ശതമാനം വരെ വേഗത്തിൽ നിർമ്മിക്കാൻ കഴിയുന്നതുമാണ്. ഈ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള സ്ട്രക്ചർ, ഭാവിയിൽ ആവശ്യാനുസരണം ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കാൻ സാധിക്കുന്നതും പുനരുപയോഗത്തിനു വിധേയമാക്കാൻ സാധിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ